**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2501** **07-07-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതിന് വേണ്ടി രൂപീകരിച്ച റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ; | (ബി) | • പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുക എന്ന ഉദ്ദേശത്തോടെ 02/02/2019-ലെ G.O(Ms)No.16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് (KRL) സ്ഥാപിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകി. കേരളത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുവഴി റബ്ബർ കർഷകർക്ക് സുസ്ഥിരവും മെച്ചപ്പെട്ട വിലയും ഉറപ്പാക്കുകയും ആഭ്യന്തര റബ്ബർ വിപണി ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ കെ.ആർ.എൽ ന്റെ പ്രധാനലക്ഷ്യം.<br>• 2022 മേയ് 09 ന കെ.ആർ.എൽ ന്റെ കല്ലിടൽ ചടങ്ങ് നടന്നു.<br>• DPR ന്റെ പരിഷ്കരണം റബ്ബർ ബോർഡ് ഓഫ് ഇന്ത്യയെ കെ.ആർ.എൽ ഏൽപ്പിച്ചു. 2022 മെയ് അവസാനത്തോടെ റബ്ബർ ബോർഡ് ഡ്രാഫ്റ്റ് DPR സമർപ്പിച്ചു,ആവശ്യമായ ഭേദഗതികളോടുകൂടി പുതുക്കിയ DPR 2022 ജൂൺ 30 നകം സമർപ്പിക്കും.<br>• KIIFB കൺസൾട്ടൻസി സർവീസസ് യൂണിറ്റിനെ (KCSU) മുൻകാല HNL ന്റെ പരിസരത്ത് KRL-ന് വേണ്ടി നീക്കിവെച്ച ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസന റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നു.ലാൻഡ് ക്ലിയറൻസും ടോപ്പോഗ്രാഫിക്കൽ സർവേയും പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | കമ്പനി എന്ന് പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കേരള റബ്ബർ ലിമിറ്റഡ് 2023 ഏപ്രിലോടെ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ